4084
10/4/15



# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. 4406/ഉപ.സി3/2015/ഉഭപവ തിരുവനന്തപുരം, തീയതി : 30.03.2015

## പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ഇ-മെയിൽ വഴി അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 24.07.2014-ലെ 15342/ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രം.
2) 05.12.2014-ലെ 24741/ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രം.
3) 11.02.2015-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ ആർ & എ IV (2) 7722/14/GW നമ്പർ കത്ത്.

സൂചന (1) ലെ പരിപത്രം പ്രകാരം 2014 ആഗസ്റ്റ് 1 മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാപത്രം (Pro forma) ഇ-മെയിൽ വഴി മാത്രം പി.എസ്.സി.ക്ക് അയയ്ക്കേണ്ടതാണെന്നും, ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തേണ്ടതും അതോടൊപ്പം ഒറിജിനൽ പ്രൊഫോർമയുടെ സ്കാൻ ചെയ്ത പകർപ്പും ഇ-മെയിൽ ആയി അയയ്ക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. എല്ലാ നിയമനാധികാരികൾക്കും ഡിജിറ്റൽ ഒപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ തപാൽ മുഖേന റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ സ്വീകരിക്കുന്ന കാലാവധി പി.എസ്.സി. 31.01.2015വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സൂചന (2) ലെ പരിപത്രം പ്രകാരവും അറിയിച്ചിരുന്നു.

2) എന്നാൽ ചില നിയമനാധികാരികൾക്ക് ഡിജിറ്റൽ ഒപ്പ് ലഭ്യമാകാത്തതിനാൽ, ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്താതെ ഒഴിവുകൾ ഇ-മെയിൽ ആയി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഡിജിറ്റൽ ഒപ്പ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത നിയമനാധികാരികൾ ഇ-മെയിൽ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ 7 ദിവസത്തിനകം നിയമനാധികാരി ഒപ്പിട്ട അർത്ഥനാ പത്രത്തിന്റെ ഹാർഡ് കോപ്പി കൂടി ലഭ്യമാക്കണമെന്ന് സൂചന 3 - ലെ കത്ത് പ്രകാരം പി.എസ്.സി അറിയിച്ചിട്ടുണ്ട്. അർത്ഥനാ പത്രങ്ങളുടെ മുൻഗണന ഇ-മെയിലിൽ രേഖപ്പെടുത്തിയിരിക്കുന്ന സമയ ക്രമമനുസരിച്ചായിരിക്കും നിർണ്ണയിക്കുക. ഇതു കൂടാതെ തപാൽ മുഖേന റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ സ്വീകരിക്കുന്ന കാലാവധി 30.04.2015 വരെ പി.എസ്.സി ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ നിയമനാധികാരികളും കർശനമായി പാലിക്കേണ്ടതാണ്.

**കെ. അജയകുമാർ**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.